പന്ത്രണ്ടാം കേരള നിയമസഭ

ബിൽ നമ്പർ 133

# 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് ഭേദഗതി
ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2000-ത്തിലെ കേരള സ്പോർട്ട്സ് ആക്റ്റ് താഴെപ്പറയുന്ന ആവശ്യങ്ങൾക്കായി ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അൻപത്തി എട്ടാം സംവൽസരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും, പ്രാരംഭവും.—(1) ഈ ആക്റ്റിന് 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് എന്ന പേര് പറയാം.

(2) ഇത് 2006 ആഗസ്റ്റ് 18-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 47 എ, 47 ബി എന്നീ പുതിയ വകുപ്പുകൾ ചേർക്കൽ.—2000-ത്തിലെ കേരള സ്പോർട്ട്സ് ആക്റ്റിലെ (2001-ലെ 2) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 47-ാം വകുപ്പിനുശേഷം താഴെപ്പറയുന്ന വകുപ്പുകൾ ചേർക്കേണ്ടതാണ്, അതായത് :—

"47എ. സംസ്ഥാന സ്പോർട്ട്സ് കൗൺസിലിലും, ജില്ലാ സ്പോർട്ട്സ് കൗൺസിലിലും നാമനിർദ്ദേശത്തിനുള്ള പ്രത്യേക വ്യവസ്ഥ.—ഈ ആക്റ്റിലോ, അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ടിട്ടുള്ള ചട്ടങ്ങളിലോ അല്ലെങ്കിൽ ഏതെങ്കിലും കോടതിയുടെ വിധി ന്യായത്തിലോ, ഡിക്രിയിലോ അല്ലെങ്കിൽ ഉത്തരവിലോ, എന്തുതന്നെ അടങ്ങിയിരുന്നാലും 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ആക്റ്റ് നിലവിൽ വരുന്ന തീയതി മുതൽ രണ്ട് വർഷക്കാലത്തേക്കോ, ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങളുടെ രൂപവൽക്കരണം നടക്കുന്നതുവരേയോ, ഇവയിലേതാണോ ആദ്യം, അതുവരെ, സംസ്ഥാന സ്പോർട്ട്സ് കൗൺസിലും, ജില്ലാ സ്പോർട്ട്സ് കൗൺസിലും നാമനിർദ്ദേശം മുഖേന, സർക്കാരിന്, ഗസറ്റ് വിജ്ഞാപനം വഴി രൂപവൽക്കരിക്കാവുന്നതാണ്.

47ബി. ആദ്യ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലിന്റെയും ആദ്യ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലിന്റെയും ആദ്യ ഗ്രാമ സ്പോർട്ട്സ് കൗൺസിലിന്റെയും നാമനിർദ്ദേശം.—ഈ ആക്റ്റിൽ എന്തു തന്നെ അടങ്ങിയിരുന്നാലും, ആദ്യത്തെ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും, ആദ്യത്തെ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും, ആദ്യത്തെ ഗ്രാമ സ്പോർട്ട്സ് കൗൺസിലും, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ രണ്ടു വർഷക്കാലത്തേക്കോ അഥവാ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതുവരേയോ ഏതാണോ ആദ്യം അതുവരെ, തുടരാവുന്നതുമാണ്.''.

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2007-ലെ 50) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻ കീഴിൽ ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റിനാൽ ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശകാരണങ്ങളുടെ വിവരണം

2000-ലെ കേരള സ്പോർട്ട്സ് ആക്റ്റ് (2001-ലെ 2) 47-ാം വകുപ്പു പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ആദ്യത്തെ കേരള സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെ കാലാവധി 2-12-2005-ൽ അവസാനിച്ചു. സ്പോർട്ട്സ് കൗൺസിലിലേക്ക് തെരഞ്ഞെടുപ്പിനു പകരം നാമനിർദ്ദേശം ഉദ്ദേശിച്ചുകൊണ്ടുള്ള 2005-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസും (2005-ലെ 29) പുനർവിളംബരം ചെയ്ത 2006-ലെ 19-ാം നമ്പർ ഓർഡിനൻസും കാലഹരണപ്പെട്ടു. സ്പോർട്ട്സ് കൗൺസിലിലേക്കുള്ള തെരഞ്ഞെടുപ്പിന് വളരെയധികം സമയം ആവശ്യമുള്ളതുകൊണ്ട്, രണ്ടു വർഷക്കാലത്തേക്കോ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റേയും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റേയും രൂപവത്ക്കരണം നടക്കുന്നതുവരേയോ, ഇവയിലേതാണോ ആദ്യം അതുവരെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ജില്ലാ സ്പോർട്ട്സ് കൗൺസിലും നാമനിർദ്ദേശം മുഖേന സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി രൂപവൽക്കരിക്കുന്നതിനുള്ള വകുപ്പ് ഈ ആക്റ്റിൽ ഉൾക്കൊള്ളിക്കാൻ സർക്കാർ തീരുമാനിച്ചു.

2. സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലായിരുന്നതിനാലും പ്രസ്തുത നിർദ്ദേശങ്ങൾക്ക് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും ഗവർണ്ണർ 2006-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് 2006 ആഗസ്റ്റ് 18-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2006-ലെ 44-ാം നമ്പർ ഓർഡിനൻസായി 2006 ആഗസ്റ്റ് 18-ാം തീയതിയിലെ 1355-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തു.

3. പ്രസ്തുത ഓരഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 സെപ്റ്റംബർ 18-ാം തീയതി ആരംഭിച്ച് 2006 ഒക്ടോബർ 26-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

4. 2006-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2006-ലെ 59) 2006 ഒക്ടോബർ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2006 ഒക്ടോബർ 30-ാം തീയതിലെ 1723-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2006 ഡിസംബർ 27-ാം തീയതി ആരംഭിച്ച് 2006 ഡിസംബർ 29-ാം തീയതി അവസാനിച്ച നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

6. ആയതിനാൽ 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2007-ലെ 15) 2007 ഫെബ്രുവരി 4-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ഫെബ്രുവരി 5-ാം തീയതിലെ 215-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

7. 2007 മാർച്ച് 2-ാം തീയതി ആരംഭിച്ച് 2007 മാർച്ച് 29-ാം തീയതി അവസാനിച്ച പന്ത്രണ്ടാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽവെച്ച് പ്രസ്തുത ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ നിയമസഭയിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

8. ആദ്യത്തെ കോർപ്പറേഷൻ സ്പോർട്ട്സ് കൗൺസിലും, ആദ്യത്തെ മുനിസിപ്പൽ സ്പോർട്ട്സ് കൗൺസിലും, ആദ്യത്തെ ഗ്രാമ സ്പോർട്ട്സ് കൗൺസിലും, നാമനിർദ്ദേശം വഴി രൂപികരിക്കുന്നതിന് സർക്കാരിന് അധികാരം നൽകേണ്ടത് ആവശ്യമായിരുന്നതിനാലും നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2007-ലെ 24) 2007 മാർച്ച് 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ഏപ്രിൽ 2-ാം തീയതിലെ 629-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

9. പ്രസ്തുത ഓർഡിനൻസിനു പകരം നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ 2007 ജൂൺ 19-ാം തീയതി ആരംഭിച്ച് 2007 ജൂലൈ 26-ാം തീയതി അവസാനിച്ച പന്ത്രണ്ടാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനത്തിൽവെച്ച് അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും സാധിച്ചില്ല.

10. ആയതിനാൽ 2007-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ഓർഡിനൻസ് (2007-ലെ 50) 2007 ജൂലൈ 30-ാം തീയതി ഗവർണ്ണർ വിളംബരപ്പെടുത്തുകയും 2007 ജൂലൈ 30-ാം തീയതിലെ 1410-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

11. പ്രസ്തുത ഓർഡിനൻസിനു പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഒരു ബിൽ

## ധനകാര്യമെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു ചെലവും ഉണ്ടാകുന്നതല്ല.

**എം. വിജയകുമാർ**

## 2000-ലെ കേരള സ്പോർട്ട്സ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ
## (2001-ലെ 2)

** ** **

47. ആദ്യ സംസ്ഥാന സ്പോർട്ട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്ട്സ് കൗൺസിലിന്റെയും നാമനിർദ്ദേശം.—ഈ ആക്റ്റിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ആദ്യത്തെ സംസ്ഥാന സ്പോർട്ട്സ് കൗൺസിലും ആദ്യത്തെ ജില്ലാ സ്പോർട്ട്സ് കൗൺസിലും, സർക്കാർ നാമനിർദ്ദേശം ചെയ്യേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യുന്ന തീയതി മുതൽ രണ്ടുവർഷക്കാലത്തേക്കോ അഥവാ ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രസ്തുത അധികാരസ്ഥാനങ്ങൾ രൂപീകരിക്കുന്നതു വരെയോ ഏതാണോ ആദ്യം അതുവരെ, തുടരാവുന്നതുമാണ്.

** ** **